# ചൂട്

## ജി എച്ച് എസ് എസ് പുതുപ്പറമ്പ്

ലിറ്റിൽ കൈറ്റ്

ഡിജിറ്റൽ മാഗസിൻ:2024




ജിഎച്ച്എസ്എസ് പുതുപ്പറമ്പ് ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻതയ്യാറാക്കിയിട്ടുണ്ട് .പുതിയ കാലത്തിൽ വിവര സാങ്കേതികവിദ്യ ഉപയോഗപ്പെട്ടുത്തി വിദ്യാർത്ഥികളുടെ കലാഭിരുചിയും ഭാവന ലോകവും വികസിപ്പിക്കാനുള്ള ഒരു ചെറിയ പരിശ്രമമാണിത്.

നിങ്ങളുടെ അകമഴിഞ്ഞ പിന്തുണ പ്രതീക്ഷിച്ച് കൊണ്ട് **ച്യൂട്ട്** എന്ന ഈ ഡിജിറ്റൽ മാഗസിൻ ഞങ്ങൾ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.

# എഡിറ്റോറിയൽ

ഹഫീല കെ



ചന്ദ്രൻ എൻ സി



പ്രിയ



ആൻ മരിയ ദാസ്



പ്രാർത്ഥന



അനുപ്രിയ



ഫാത്തിമ തഹ്സീന



റോസ്ഗ



ഇർഫാദ് ഇസ്മയിൽ



റിഫ എം



ഷിഫിൻ മഹമൂദ്



# സന്ദേശം.





പ്രിയപ്പെട്ട കുട്ടികളെ,

ജി എച്ച് എസ് എസ് പുതുപ്പറമ്പ്. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നമ്മുടെ സ്കൂളിൽ ഒരു " ഡിജിറ്റൽ മാഗസിൻ " തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷവും അഭിമാനവും ഉണ്ട്.പുതിയ കാലത്ത് വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി വിദ്യാർത്ഥികളുടെ കലാഭിരുചിയും ഭാവന ലോകവും വികസിപ്പിക്കുവാൻ ഈ മാഗസിൻ കൊണ്ട് സാധ്യമാകട്ടെ എന്ന് ആശംസിക്കുന്നു.

സിസി പൈകടയിൽ

ഹെഡ്മിസ്ട്രസ്

ജി എച്ച് എസ് എസ് പുതുപ്പറമ്പ്.

# ജി എച്ച് എസ് എസ് പുതുപ്പറമ്പ്
# ഒരു ലഘു ചരിത്രം.





മലബാറിലെ മിക്ക പ്രദേശങ്ങളിലും ആദ്യകാലത്ത് ഓത്തുപള്ളികൾ ആണ് ഉണ്ടായിരുന്നത്. ബ്രിട്ടീഷ ഭരണ കാലത്ത് ചില ഓത്തുപള്ളികൾ സ്കൂൾ ആക്കുകയും പുതിയ സ്കൂളിൽ തുടങ്ങുകയും ചെയ്തു. അങ്ങനെയാണ് 1919 പുതുപ്പറമ്പിൽ ലോവർ പ്രൈമറി സ്കൂൾ സ്ഥാപിതമാകുന്നത്. അങ്ങാടിയിലെ വാടക കെട്ടിടത്തിൽ ആയിരുന്നു ആദ്യം സ്കൂൾ പ്രവർത്തിച്ചിരുന്നത്. അവിടെനിന്ന് പിൽക്കാലത്ത് സ്കൂൾ ഒഴിവാക്കേണ്ടി വന്നപ്പോൾ മൗലാന അബ്ദുൽ ബാരിയാണ് അങ്ങാടിക്കടുത്ത് അദ്ദേഹത്തിന്റെ സ്വന്തം സ്ഥലത്ത് സ്വന്തം ചെലവിൽ സ്കൂളിനായി കെട്ടിടംനിർമ്മിച്ചു നൽകുന്നത്. 1930 കളിൽ ഈ കെട്ടിടം നിർമ്മിക്കപ്പെട്ടു എന്നാണ് കരുതപ്പെടുന്നത്.

വാളക്കുളം പുതുപ്പറമ്പ് എന്നായിരുന്നു സ്ഥലപ്പേർ എങ്കിലും ജിഎംഎൽപി സ്കൂൾ വാളക്കുളം എന്നായിരുന്നു അന്നത്തെ എൽപി സ്കൂളിൽ പേര്.ആദ്യകാലത്ത് അഞ്ചാം ക്ലാസ് വരെയാണ് ഉണ്ടായിരുന്നത്. പിന്നീട് സർക്കാർ കൊണ്ടുവന്ന പുതിയ പരിഷ്കാരം മൂലം എൽ പി സ്കൂൾ നാലാം തരം വരെയും സ്കൂൾ ഏഴാം തരം വരെയും ആക്കി നിലനിർത്തുകയായിരുന്നു. പുതുപ്പറമ്പിൽ എൽ പി സ്കൂൾ 1974 വരെ നിലനിന്നു.1974 ലാണ് പുതുപ്പറമ്പിൽ ചെമ്പട്ടി പാറപ്പുറത്ത് വാളക്കുളം ജിയുപി സ്കൂൾ സ്ഥാപിതമായത്.പുതുപ്പറമ്പ് എന്നതാണ് സ്ഥലപ്പേരെങ്കിലും വാളക്കുളം എന്ന പേരിലാണ് സർക്കാർ സ്ഥാപനമായി എൽ പി സ്കൂളും അപ്ഗ്രേഡ് ചെയ്യപ്പെട്ട യുപി സ്കൂളും

സർക്കാർ റെക്കോർഡിൽ അറിയപ്പെട്ടിരുന്നത്.

പിന്നീട് നാട്ടുകാരുടെ നിരന്തരമായ ആവശ്യത്തെ തുടർന്ന് 1980 ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. പുതുപ്പറമ്പ് എന്ന ഗ്രാമത്തിന്റെ അക്ഷര സ്വപ്നങ്ങൾക്ക് ചിറക് വിരിച്ച് ഉയർന്ന പൊങ്ങാൻ സഹായിച്ചത് ഈ സർക്കാർ പള്ളിക്കൂടം തന്നെയായിരുന്നു.. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉയർന്ന തലമായ ഹയർ സെക്കൻഡറി സ്കൂൾ എന്ന ആവശ്യം 2004 ൽ പൂവണിഞ്ഞു. ഹ്യൂമാനിറ്റീസ് കോമേഴ്സ് സയൻസ് ബാച്ചുകൾ ഉള്ള ഹയർ സെക്കൻഡറി വളരെ നിലവാരത്തോടുകൂടി തന്നെ നമ്മുടെ സ്കൂളിൽ മുന്നോട്ടു പോകുന്നു. പാഠ്യപഠേന രംഗങ്ങളിൽ അസൂയാർഹമായ മുന്നേറ്റങ്ങളുമായി ഈ സർക്കാർ പള്ളിക്കൂടം കൂടുതൽ കൂടുതൽ മികവുകളിലേക്ക് മുന്നേറുകയാണ്...

ഒരു നാടിന്റെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് സാക്ഷാത്കാരമായി..



# പ്രണാമം



പുതുപ്പറമ്പ് സ്കൂളിനെ മികവിന്റെ ഉയരങ്ങളിലേക്ക് കൈപിടിച്ചുയർത്തിയ പ്രിയപ്പെട്ട ചന്ദ്രിക ടീച്ചർ ഓർമ്മയായി. വളരെ താഴ്ന്ന നിലവാരത്തിലായിരുന്ന സ്കൂളിലെ SSLC റിസൽട്ടിൽ ഒരു കുതിച്ചു ചാട്ടം സാധ്യമാക്കിയത് ടീച്ചറിന്റെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളായിരുന്നു. ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിലും, കലാകായിക രംഗത്ത് മികവുറ്റ പ്രതിഭകളെ വളർത്തിയെടുക്കുന്നതിലും ടീച്ചർ എപ്പോഴും മുന്നിൽനിന്ന് പ്രവർത്തിച്ചിരുന്നു. സ്കൂൾ ഇന്ന് എത്തിനിൽക്കുന്ന മികവിന്റെ കാരണക്കാരിയായ നമ്മുടെ സ്കൂളിന്റെ മുൻ ഹെഡ്മിസ്ട്രസ് ചന്ദ്രിക ടീച്ചറുടെ ഓർമ്മകൾക്കുമുമ്പിൽ ഒരു പിടി അശ്രുപുഷ്പങ്ങൾ അർപ്പിക്കുന്നു.



# മികവുകൾ

## മേളയിൽ നിന്ന്

















# ക്ലബ്ബുകൾ


Little KITE
Little Kite's Unit
G H S S PUTHUPARAMBA


Little KITE
Little Kite's Unit
G H S S PUTHUPARAMBA

## ബാച്ച് 2023-26



## ബാച്ച് 2022-25







കവിത

# വേനൽമഴ



തോരാ തോരാ പെയ്ത്തിറങ്ങി
കർഷക മാനസം കുളിരു കോരിയാതാ
വന്നല്ലോ വന്നല്ലോ പെരുമഴ
കാട്ടാറുകൾ കരകവിഞ്ഞൊഴുകീടിൽ
പാരും സസ്യലതാതികളും
ആനന്ദാശ്രുവിൽ
കാടും മേടും ആർത്തുല്ലസിക്കിൻ
തേന്നൂറും വണ്ടുകൾ പാറിപ്പറന്നിടും
മാനും മയിലും ചാഞ്ചാടി  നടന്നീടുവിൻ
വാടികൊഴിഞ്ഞ സൂര്യകാന്തിയിപ്പോൾ
നിറശോഭയോടെ ഉലകിൽ ആടി
വന്യമൃഗാദികളും കളിയാടീ ഭൂവിൽ
വർഷമണഞ്ഞപ്പോൾ നിശ്ശബ്ദമായീ
ധരണിയിൽ
നമ്മുടെ പ്രപഞ്ചമീ രക്ഷിക്കു നീ
ഈ കൊടും ഉഷ്ണത്തിൽ നിന്നീ
ചെടി നട്ടുപിടിപ്പിച്ചീടിൻ ഈ ഉലകത്തിൻ
മലിനീകരണത്തിൽ നിന്നീ രക്ഷിപ്പാൻ
നമുക്കൊന്നായി കൈകോർക്കാം
ഈ ധരണിയെ സംരക്ഷിച്ചീടാം...





ആൻ മരിയ ദാസ്
VIII C

ലേഖനം

# ചിലങ്ക

ജിയ പി പി
7 C





എന്റെ ഒരു അനുഭവക്കുറിപ്പാണ് ഞാൻ നിങ്ങളുമായി പങ്കുവെക്കുന്നത് എന്റെ ഏറ്റവും വലിയ ആഗ്രഹങ്ങളിൽ ഒന്നായിരുന്നു ഒരു നർത്തകിയാവുക എന്നത്. ചിലങ്കയണിഞ്ഞ് ഡാൻസ് ചെയ്യുന്ന വീഡിയോസ് ഒക്കെ കാണുമ്പോൾ അതുപോലെ ചിലങ്ക കെട്ടി നൃത്തം ചെയ്യാൻ എനിക്ക് കൊതിയായിരുന്നു. അങ്ങനെ ഞാൻ എന്റെ ആഗ്രഹം അച്ഛനമ്മമാരോട് പങ്കുവെച്ചു. എന്റെ ആവശ്യം കേട്ടതും അവർ എന്നെ നർത്തന സ്കൂൾ ഓഫ് ഡാൻസ് ആൻഡ് മ്യൂസിക് എന്ന ഡാൻസ് സ്കൂളിൽ ചേർത്തു. പറഞ്ഞറിയിക്കാൻ പറ്റാത്ത അത്രയും സന്തോഷത്തിലായിരുന്നു ഞാൻ. അന്ന് ഞാൻ അഞ്ചാം ക്ലാസിൽ ആയിരുന്നു അവിടെയും എനിക്ക് ഒത്തിരി സുഹൃത്തുക്കളെ കിട്ടി. അവർക്കെല്ലാം തന്നെ ഡാൻസ് ജീവനായിരുന്നു അങ്ങനെ മൂന്നുവർഷത്തെ അധ്വാനം കൊണ്ട് ഞാൻ നെഞ്ചിൽ കൊണ്ടു നടന്ന സ്വപ്നം പൂവണിഞ്ഞു. എന്റെ അരങ്ങേറ്റം ഗുരുവായൂർ അമ്പലത്തിൽ വച്ചായിരുന്നു. അരങ്ങേറ്റം ഏഴാം ക്ലാസിൽ വച്ച് ഫെബ്രുവരി അഞ്ചിന് തിങ്കളാഴ്ച. അച്ഛമ്മയ്ക്ക് ദക്ഷിണകൊടുത്ത് തലേദിവസം രാത്രി തന്നെ ഗുരുവായൂരിലേക്ക് യാത്ര .തിരിച്ചു. ബസിലായിരുന്നു ഞങ്ങളുടെ യാത്ര

റൂമിൽ എത്തിയതും വിശപ്പിന്റെ വിളിയാളം. സ്നാക്ക്സ് കഴിച്ച് ഞങ്ങൾ ഉറങ്ങി. രാവിലെ നാലുമണിക്ക് എഴുന്നേറ്റ് ഫ്രഷായി നേരെ മേക്കപ്പ് തുടങ്ങി. എന്റെ പ്രിയപ്പെട്ട വീട്ടുകാരെല്ലാവരും തന്നെ എന്റെ അരങ്ങേറ്റം കാണാൻ വന്നിരുന്നു. നിമിഷങ്ങൾക്കു ശേഷം പക്കമേളക്കാരും റെഡിയായി വന്നു. ഗുരുവായൂർ ഓഡിറ്റോറിയത്തിൽ നിന്ന് എല്ലാവർക്കും ദക്ഷിണകൊടുത്തു. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ സ്വപ്നം ഞാൻ ആ സ്റ്റേജിൽ അരങ്ങേറ്റത്തിലൂടെ സാക്ഷാത്കരിച്ചു. സ്റ്റേജിലെ കൂട്ടുകാർക്ക് ഒത്തുള്ള അരങ്ങേറ്റവും ഫോട്ടോയെടുപ്പും മറ്റും ഒരു സെലിബ്രിറ്റി ഫീലിംഗ് എന്നിൽ ഉണ്ടാക്കി. 6 മണിയായപ്പോഴേക്കും ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു. എന്റെ മനസ്സ് നിറയെ ആ സ്റ്റേജും ഞങ്ങളുടെ ഡാൻസും ചിലങ്കയുടെ ശബ്ദവും മാത്രമായിരുന്നു. ചുറ്റും നടക്കുന്നതൊന്നും ഞാൻ അറിയുന്നേ ഇല്ല ഇനിയും ഒത്തിരി ഡാൻസ് പ്രോഗ്രാമുകൾ കാഴ്ചവെക്കണമെന്ന് വലിയ സ്വപ്നം എന്നിൽ മൊട്ടിട്ടു. അതിനു വേണ്ടി എത്ര അധ്വാനം ചെയ്യാനും ഞാൻ തയ്യാർ ആണെന്ന് മനസ്സിൽ പ്രതിജ്ഞ എടുത്തു. അങ്ങനെ ജീവിതത്തിൽ ആത്മാർത്ഥമായി ഒരു കാര്യം ആഗ്രഹിച്ചാൽ അതിന് ലോകം മുഴുവൻ നമ്മുടെ കൂടെ നിൽക്കുമെന്ന പൗലോ കോയിലോയുടെ വാക്കുകൾ ഞാൻ ഓർത്തുപോയി



കവിത



# കടൽ മയൂരം

കാറ്റേൽക്കുമ്പോൾ
നീയൊരുമയൂരമാണ്.
വർണ്ണരശ്മികളകൊരുത്ത
പവിഴപ്പുറ്റുകളാണ് നിന്റെ ഹൃദയം.
സൂര്യൻനിന്നിൽ താഴ്ന്ന പോകയാൽ
നീ നീലിമയിൽ നിറയുന്നു.
ആഴമാണ് നീ.........
അലിയാൻ കഴിയാത്തത്ര ആഴം.
എത്രയൊളിച്ചാലും കര വിളിച്ചാൽ
നിൻ തിര
വരാതിരിക്കുന്നതെങ്ങനെ..?
ഉപ്പിന്റെയാഴമെങ്കിലും
എന്തൊരു മാധുര്യമാണ്
നിന്റെ തലോടലിന്.
കാറ്റേൽക്കുമ്പോൾ
നീയൊരു മയൂരമാണ്.
ചിറകുകളിൽ
നിറങ്ങളെ ഒളിപ്പിച്ച
മയൂരം.

വരുൺ.എം 9c



ലേഖനം

# ന്യൂറലിങ്ക്






റിഫ എം

ന്യൂറലിങ്ക് എന്നത് ഇപ്പോൾ ചർച്ചയായ ഒരു വിഷയമാണ്. അത് മലയാളത്തിലും വാർത്തകളിലും ധാരാളം
കാണപ്പെടുന്നു. നിങ്ങൾക്ക് ഇതിനെക്കുറിച്ച് കൂടുതൽ അറിയണമെങ്കിൽ, ഇതാ ചില കാര്യങ്ങൾ:

ന്യൂറലിങ്ക് എന്താണ്?

ന്യൂറലിങ്ക് എന്നത് എലോൺ മസ്ക് സ്ഥാപിച്ച ഒരു ന്യൂറോ ടെക്നോളജി കമ്പനിയാണ്.

ഇത് തലച്ചോറിലേക്ക് ഇംപ്ലാന്റ് ചെയ്യാവുന്ന ഒരു ചിപ്പ് വികസിപ്പിച്ചെടുക്കുകയാണ്.

ഈ ചിപ്പ് മനുഷ്യന്റെ തലച്ചോറിനെ കമ്പ്യൂട്ടറുകളുമായും മറ്റ് ഉപകരണങ്ങളുമായും ബന്ധിപ്പിക്കാൻ
അനുവദിക്കും.

ന്യൂറലിങ്ക് എങ്ങനെ പ്രവർത്തിക്കുന്നു?

ചിപ്പ് തലച്ചോറിലെ ന്യൂറോണുകളിൽ നിന്ന് സിഗ്നലുകൾ വായിക്കുകയും രേഖപ്പെടുത്തുകയും ചെയ്യും.

ഈ സിഗ്നലുകൾ ഉപയോഗിച്ച്, കമ്പ്യൂട്ടറുകൾക്ക് ആളുകൾ എന്താണ് ചിന്തിക്കുന്നതെന്ന് മനസ്സിലാക്കാനും
അതിനനുസരിച്ച് പ്രതികരിക്കാനും കഴിയും.

ഉദാഹരണത്തിന്, ഈ ചിപ്പ് ഉപയോഗിച്ച്, ഒരു വ്യക്തിക്ക് നേരിട്ട് കമ്പ്യൂട്ടറുമായി ഇടപഴകാനും അവരുടെ

ചിന്തകൾ ഉപയോഗിച്ച് ഡിജിറ്റൽ ഉപകരണങ്ങൾ നിയന്ത്രിക്കാനും കഴിയും.

ന്യൂറലിങ്ക് എന്തിനുപകരണമാണ് ഉപയോഗിക്കുന്നത്?

ന്യൂറലിങ്ക് ചിപ്പ് നിരവധി ആപ്ലിക്കേഷനുകൾ ഉണ്ട്.

ഇത് ഗുരുതരമായ മസ്തിഷ്ക രോഗങ്ങളുള്ളവരെ സഹായിക്കാൻ കഴിയും, അതുപോലെ തന്നെ കൃത്രിമ
കൈകാലുകൾ പോലുള്ള ന്യൂറോപ്രോസ്റ്റെറ്റിക് ഉപകരണങ്ങൾ നിയന്ത്രിക്കാനും ഇത് ഉപയോഗിക്കാം.

മറ്റ് ആപ്ലിക്കേഷനുകളിൽ വീഡിയോ ഗെയിമുകൾ കളിക്കുക, സംഗീതം സൃഷ്ടിക്കുക, ഓഗ്മെന്റഡ് റിയാലിറ്റി
അനുഭവിക്കുക എന്നിവ ഉൾപ്പെടുന്നു.

ന്യൂറലിങ്ക് സംബന്ധിച്ച ആശങ്കകൾ എന്തൊക്കെയാണ്?

ന്യൂറലിങ്ക് ചിപ്പ് ഇതുവരെ മനുഷ്യരിൽ പരീക്ഷിച്ചിട്ടില്ല, അതിനാൽ അതിന്റെ സുരക്ഷയെക്കുറിച്ച്
ആശങ്കകൾ ഉണ്ട്.

ചില ആളുകൾ ഈ ചിപ്പ് മനുഷ്യരുടെ സ്വകാര്യതയും സ്വതന്ത്ര ഇച്ഛയെയും ലംഘിക്കുമെന്ന് ഭയപ്പെടുന്നു.

മറ്റുള്ളവർ ഈ സാങ്കേതികവിദ്യ സമ്പന്നരായ ആളുകൾക്ക് മാത്രം ലഭ്യമാകുമെന്ന് ഭയപ്പെടുന്നു, ഇത് സമൂഹത്തിലെ അസമത്വം വർദ്ധിപ്പിക്കും.

ന്യൂറലിങ്ക് മലയാളത്തിൽ എവിടെയാണ് ചർച്ച ചെയ്യപ്പെടുന്നത്?

നിരവധി മലയാള വാർത്താ വെബ്സൈറ്റുകളും യൂട്യൂബ്



കവിത

# അനാഥ ബാലിക



അനുപ്രിയ 9A

ആരാണെന്നറിയില്ല
എന്താണെന്നറിയില
എവിടെയാണെന്നറിയില്ല
അമ്മയാരാണെന്നറിയില്ല
അച്ഛൻ ആരാണെന്നറിയില്ല
എങ്കിലും ഞാനറിയുന്നു
എൻ്റെ പിറകെ കഴുകന്റെ കണ്ണുകളുണ്ടെന്ന്
കൊത്തിപ്പറിക്കുന്ന നേത്രങ്ങളാണിതെല്ലാം
ഒറ്റപ്പെടലിന്റെ നോട്ടമാണിതെല്ലാം
കരുത്തുറച്ച മനം കൊണ്ടു ഞാൻ
ഭദ്രമേകുന്ന ഇടം തേടി ഞാൻ
കരുണയേകുന്ന മുഖം തേടി
ഭൂമിയിൽ അലയുന്നു ഞാൻ
ഹൃദയത്തെ കാരിരുമ്പാക്കി
തോറ്റുകൊടുക്കാൻ തയ്യാറല്ലാതെ
സ്വർഗ്ഗമാകുന്ന ഈ ഭൂമിയിൽ ജീവിക്കാൻ
എനിക്കും അവകാശമുണ്ടെന്ന
ഉറച്ച കാൽവെപ്പോടെ
ഞാൻ മുന്നോട്ട്



ലേഖനം

അനാമിക പ്രതീഷ് .പി
5A



## സൗഹൃദം എന്ന കരുത്ത്

സൗഹൃദം എന്ന് കേൾക്കുമ്പോൾ തന്നെ ഒരു സുഖമില്ലേ ഞാനിപ്പോൾ ഇങ്ങനെ ഒരു ഓർമ്മക്കുറിപ്പ് എഴുതാൻ കാരണം വേറെ ആരുമല്ല, എന്റെ പ്രിയ കൂട്ടുകാർ തന്നെയാണ്. ഏതൊരു അവസ്ഥയിലും നമ്മുടെ കൂടെ ഉണ്ടാകുമോ അതാണ് യഥാർത്ഥ കൂട്ടുകാർ നിങ്ങൾക്കും ഉണ്ടാകില്ലേ ഇതുപോലെ ഒരു കൂട്ടുകാർ. ഞാനെന്റെ സൗഹൃദത്തിന്റെ കഥ ഒന്ന് ചുരുക്കിപ്പറയാം. ആദ്യം ഒന്നാം ക്ലാസിലെ കഥ. എനിക്കൊരു കൂട്ടുകാരി ഉണ്ടായിരുന്നു. അനാമിക ശാന്തകുമാർ. അതെ, എന്റെ അതേ പേര്. എന്റെ സ്വരം.എന്റെ അതേ സ്വഭാവം. പക്ഷേ എന്റെ ക്ലാസിൽ മൂന്നു കുട്ടികൾ ഉണ്ടായിരുന്നു. സൗഹൃദത്തോടെ ജീവിക്കുന്നവരെ അവർക്ക് തീരെ ഇഷ്ടമില്ല. അങ്ങനെ ഓരോ തെറ്റുകളും പറഞ്ഞാ കുട്ടികളെ തമ്മിൽ പിരിപ്പിക്കും പക്ഷേ ഞങ്ങളെ പറ്റുമോ? ഇല്ല. ഒരിക്കലും പറ്റില്ല. മതി, മതി. ഇനി രണ്ടും മൂന്നും നാലും കഴിഞ്ഞ് അഞ്ചി ലേക്ക് പോകാം.

ഇതുവരെ ഞാൻ പഠിച്ചതിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് എന്റെ അഞ്ചാം ക്ലാസ് ആണ്.5A. കാരണം ഒരുപാടുണ്ട്. അതിൽ ഒന്നു ഞാൻ പറയാം. സ്കൂൾ കലോത്സവത്തിന്റെ അന്ന് എനിക്ക് കുറെ പരിപാടികൾ ഉണ്ടായിരുന്നു. അതിലൊന്ന് നാടോടി നൃത്തം. 4ആം നമ്പർ കഴിയാൻ ആയപ്പോൾ എന്റെ നെഞ്ച് പിടഞ്ഞു. പക്ഷേ എന്റെ കൂട്ടുകാരുടെ പിന്തുണ എന്നെ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കാൻ സഹായിച്ചു. എല്ലാം കഴിഞ്ഞു നാടോടി നൃത്തത്തിന് എനിക്ക് ഒന്നാം സ്ഥാനം ലഭിച്ചു. നിങ്ങൾക്കും ഉണ്ടാവില്ലേ ഇതുപോലെ ഏതു സന്ദർഭത്തിലും പൂർണ്ണ പിന്തുണയോടെ കൂടെ നിൽക്കുന്ന കൂട്ടുകാർ.



story

# THE HUNGRY MOUSE

There lived a mouse that was hungry from many days. she could find no food at all.She looked here and there. but found no food hence she grew thin. One day the mouse found a basket full of corn. There was a small hole in the basket. She went inside and began to ate the corn greedly. As the was very hungry. She went on eating and eating. How she head grown very fat. After the meal. The mouse trjed to come out of the basket. She could not. How she was too fat to pass through the hole. she said"How shall I came out? " just then a rabbit came along and he heard the mouse. The rabbit said":mouse, If you want to came out of the basket. You must wait till. You have grown as then were when you went it

**noufa juhan .6c**



# ജലം



കവിത



റിസ ഫൻസാഹ് 6D

കുടിക്കുവാൻ വേണം ജലം
കുളിക്കുവാൻ വേണം ജലം
നമുക്കലക്കുവാൻ വേണം ജലം
അഴുക്ക് കെട്ടുവാൻ വേണം ജലം
ജലക്ഷാമമിന്നു നാടാകെ രൂക്ഷം
ജനക്ഷേമമതിനാ ലെത്രയോ കഷ്ടം
അരുതരുത്
ദുരുപയോഗ മരുതരുതിനാൽ
അരുതരുത്
ജല ദുരുപയോഗമരുത്
ജലമമൂല്യമാണ്
അത് അറിയുക ജനതേ
ജലമമൂല്യമാണ്
അത് കരുതുക ജനതെ
ജലമമൂല്യമാണ്
മലിനമാക്കരുത് മാനവാ
അത് മലിനമാക്കരുത് മാനവാ
അത്  മലിനമാക്കരുത് മാനവാ



കഥ



# വാർദ്ധക്യം ബാധിച്ച യൗവ്വനം

ആയിഷ ഹുദാ പി 5A

ജനലിലൂടെ പുറത്തേക്ക് നോക്കിയിരിക്കുന്ന വാർദ്ധക്യം ബാധിച്ച കണ്ണുകൾ ആരൊക്കെയോ നോക്കികൊണ്ടിരിക്കുന്നു. ആ വൃദ്ധയുടെ വിപരീത ദിശയിൽ അവളെ കാണത്തക്കവിധം തന്റെ രൂപം കണ്ണാടിയിലൂടെ അവൾ നോക്കിക്കൊണ്ടിരുന്നു. തന്റെ കണ്ണുകളും കൈകാലുകളും ചുക്കിച്ചുളിഞ്ഞിരിക്കുന്നു. അവൾ തന്റെ കണ്ണുകളെ നോക്കി കാണുമ്പോൾ സാരിയുടുത്ത് പൊട്ടുതൊട്ട് അവൾ പുറപ്പെടുന്നു. വഴിയോരങ്ങളിലെ കാഴ്ചകൾ ആസ്വദിച്ചും കാഴ്ചക്കാരായ ആളുകളെ പുഞ്ചിരിച്ചു നോക്കി കാണുകയും ചെയ്തു വാകപ്പൂ പൂത്ത് നിൽക്കുന്ന മരങ്ങളും ഇന്നലെ നിവർന്നിരുന്ന ഇലകളും പൂക്കളും നിലത്ത് കൊഴിഞ്ഞ ഇടങ്ങളിലൂടെ അവൾ നടന്നു. കോളേജിൽ ആഘോഷവും ആരവങ്ങളും നിറഞ്ഞതായിരിക്കാം. ടീച്ചർ ക്ലാസ്സ് റൂമിൽ എത്തി അവൾക്ക് മുൻപിൽ ഓരോ കുട്ടികൾ വന്നു തുടങ്ങി. ചിലരുടെ മുഖത്ത് ഭയവും എന്നാൽ മറ്റുള്ളവരിൽ ആവേശവും നിറഞ്ഞ മുഖങ്ങളായിരുന്നു. അവളുടെ മുമ്പിൽ ദിവസങ്ങൾ പോയതറിഞ്ഞില്ല അവളുടെ മുന്നിലിരിക്കുന്ന കുട്ടികൾ പലരും എല്ലാവരും ടീച്ചർക്ക് പുതിയ സുഹൃത്തുക്കളായും ശത്രുക്കളായും പോന്നു. എന്നാൽ കുട്ടികൾക്കെല്ലാമായ ിരുന്നു ആ ലില്ലി ടീച്ചർ. പക്ഷേ കുട്ടികളോട് പ്രത്യേക അടുപ്പമായിരുന്നു സംസാരത്തിൽ സുഹൃത്തുക്കളെ പോലെയായിരുന്നു പെരുമാറിയത്. അധികം വൈകാതെ ടീച്ചറുടെ ക്ലാസ്സിൽ നിന്ന് തന്നെ ടീച്ചർക്ക് ഒരു മിടുക്കി ആയ പെൺകുട്ടിയെ സുഹൃത്തായി കിട്ടി. ആദ്യമാദ്യം അവൾ കോളേജിൽനിന്ന് സംസാരിക്കുകയും പിന്നെ അവളുടെ ബന്ധം ഇറങ്ങിയ വേരു പോലെയായിരുന്നു. പല നേരങ്ങളിലായി അവർ പുറത്തുപോയി സംസാരിക്കുകയും ജീവിതത്തിലും ഉണ്ടാകുന്ന സന്തോഷ സങ്കടം പരിഹാരങ്ങളെ പങ്കുവെക്കുകയും ചെയ്തു.



ചില സമയങ്ങളിൽ ജുവലിനോട് ലില്ലി ടീച്ചർ രക്ഷിതാക്കളെ കുറിച്ചും ചില കാര്യങ്ങളെക്കുറിച്ചും അറിയാൻ ശ്രമിക്കുമ്പോൾ അവൾ സ്വയം ഒഴിഞ്ഞുമാറി. ദിവസങ്ങൾ കടന്നുപോയി. ഒരു ഞായറാഴ്ച ഫോൺ ചെയ്തു ലില്ലി ടീച്ചർ നോക്കിയപ്പോൾ അമീർ എന്ന്..... ടീച്ചർ കോൾ എടുത്തു.

ഹലോ........

ഹലോ....... ഭർത്താവിനേ കൂട്ടി ഹോസ്പിറ്റലിൽ എത്തി. അവർ അവിടെ കണ്ട നേഴ്സിനോട് പലതും പറഞ്ഞു അവർ അന്വേഷിച്ചു. അവസാനം എത്തിയത് ഡോക്ടറുടെ മുന്നിലാണ്. ടീച്ചറോട് ഡോക്ടർ ചോദിച്ചു. നിങ്ങൾ ആരാണ്, ടീച്ചറുടെ മുഖം ഒന്ന് വിളറി എന്നാലും കുറച്ച് ധൈര്യത്തോടെ അവൾ പറഞ്ഞു. ഞാൻ അവളുടെ അമ്മയാണെന്ന്. അവൾ ഓരോ കാര്യങ്ങൾ പറയുമ്പോഴും അവളുടെ കണ്ണുകളിൽ നിന്നും വെള്ളം നിറഞ്ഞൊഴുകുന്നത് കൊണ്ട് അവരുടെ ഭർത്താവ് അവളുടെ കൈകൾ പിടിച്ച് കൊണ്ട് ആശ്വസിപ്പിച്ചു. അവൾ തൻറെ എല്ലാ ദൈവങ്ങളെയും വിളിച്ച് ഡോക്ടറോട് ഒരു ചോദ്യം

"അവൾക്ക് എന്തെങ്കിലും ?!! ഡോക്ടർ അവളെ സഹായിക്കുന്നതിന് തുല്യമായി പറഞ്ഞുകൊടുത്തു. നിങ്ങൾ ഇതൊന്നും അറിഞ്ഞില്ലേ? അവൾക്ക് കാൻസർ ആണെന്ന്? അതുമാത്രമല്ല അവയവങ്ങൾ തകരാറിലാണെന്ന് നിങ്ങളോട് പറഞ്ഞിട്ടില്ലേ? ടീച്ചറും ജ്വലും സംസാരിച്ച നാളുകളിലൂടെ ടീച്ചറുടെ ഉള്ളിൽ മിന്നി മറഞ്ഞു. എന്നാലും ഡോക്ടറോടുള്ള മറുപടി ടീച്ചർക്ക് മൗനമായിരുന്നു. അവളെ ഇതുവരെ പറഞ്ഞില്ല എന്ന ചിന്ത അവളെ അലട്ടിക്കൊണ്ടിരുന്നു.

ജ്വലിനെ കാണാനായി ഒരു നേഴ്സ് അവരെ റൂമിൽ കൊണ്ടെത്തിച്ചു അവളുടെ കൈകളെല്ലാം ചുറ്റി ചുളിഞ്ഞ വാർദ്ധക്യം ബാധിച്ചവരെ പോലെയായിരുന്നു എന്നാലും ടീച്ചറുടെ മനസ്സിൽ അവൾ ഒരു യൗവനക്കാരിയായിരുന്നു സുന്ദരിയായ പെൺകുട്ടി. അവളെക്കാളും ടീച്ചറെക്കാളും മനുഷ്യരേക്കാളും സുന്ദരമായിരുന്നു സൗഹൃദം!

അവളിപ്പോൾ തന്റെ കൈകളിലേക്ക് നോക്കി അവളുടെ കൈകൾ ചുക്കി ചുളിഞ്ഞ അവസ്ഥയിലായിരിക്കുന്നു. അവൻ തന്റെ മുഖമൊന്നൂടെ നോക്കിക്കൊണ്ടിരുന്നു. കഴിഞ്ഞകാലം അവൾ തന്റെ കണ്ണിലൂടെ ഒരു ജനാലക്കപ്പുറമുള്ള കാഴ്ചയായിരിക്കും. എന്നാൽ അവളിപ്പോഴും കരഞ്ഞുകൊണ്ടിരിക്കുന്നു.

ലേഖനം





# നിർമ്മിത ബുദ്ധി (Artificial Intelligence – AI)

നിർമ്മിത ബുദ്ധി (Artificial Intelligence – AI) എന്ന വിഷയം ഇന്ന് ലോകമെമ്പാടും

ചർച്ചയായിക്കൊണ്ടിരിക്കുന്നു. മനുഷ്യ ബുദ്ധിയ്ക്ക് സമാനമായ രീതിയിൽ ചിന്തിക്കാനും പ്രവർത്തിക്കാനും കഴിവുള്ള

യന്ത്രങ്ങളെ സൃഷ്ടിക്കുക എന്നതാണ് നിർമ്മിത ബുദ്ധിയുടെ ലക്ഷ്യം. ഈ ലേഖനത്തിൽ നിർമ്മിത ബുദ്ധിയുടെ

അടിസ്ഥാനതത്ത്വങ്ങൾ, പ്രയോഗങ്ങൾ, ഭാവി സാധ്യതകൾ എന്നിവയെക്കുറിച്ച് ചുരുക്കമായി പരിശോധിക്കാം.

എന്താണ് നിർമ്മിത ബുദ്ധി?

മനുഷ്യനെപ്പോലെ ചിന്തിക്കാനും പ്രവർത്തിക്കാനും കഴിവുള്ള യന്ത്രങ്ങളെ സൃഷ്ടിക്കുക എന്നതിനെ ലക്ഷ്യമിടുന്ന

കമ്പ്യൂട്ടർ ശാസ്ത്രത്തിന്റെ ഒരു ശാഖയാണ് നിർമ്മിത ബുദ്ധി. ഡാറ്റയിൽ നിന്നും പഠിക്കാനും പാറ്റേണുകൾ

തിരിച്ചറിയാനും തീരുമാനങ്ങൾ എടുക്കാനും കഴിവുള്ള യന്ത്രങ്ങളെയാണ് നിർമ്മിത ബുദ്ധി വികസിപ്പിക്കുന്നത്.

നിർമ്മിത ബുദ്ധി എങ്ങനെ പ്രവർത്തിക്കുന്നു?

നിർമ്മിത ബുദ്ധി പല രീതികളിൽ പ്രവർത്തിക്കുന്നു. ഏറ്റവും സാധാരണമായ രീതികളിൽ ഒന്ന് മെഷീൻ ലേണിങ്

(Machine Learning) ആണ്. മെഷീൻ ലേണിങ്ങിൽ, യന്ത്രങ്ങൾ വലിയ ഡാറ്റാസെറ്റുകളിൽ നിന്നും പഠിക്കുകയും

സ്വയം തീരുമാനങ്ങൾ എടുക്കാൻ കഴിവ് വികസിപ്പിക്കുകയും ചെയ്യുന്നു. മറ്റൊരു രീതി ഡീപ് ലേണിങ് (Deep

Learning) ആണ്. ഡീപ് ലേണിങ് ന്യൂറൽ നെറ്റ്വർക്കുകൾ എന്നറിയപ്പെടുന്ന കോംപ്ലക്സ് കമ്പ്യൂട്ടേഷണൽ

മോഡലുകൾ ഉപയോഗിക്കുന്നു. ഈ നെറ്റ്വർക്കുകൾ മനുഷ്യന്റെ തലച്ചോറിന്റെ പ്രവർത്തനത്തെ അടിസ്ഥാനമാക്കി

രൂപകൽപ്പന ചെയ്തിരിക്കുന്നതാണ്.

നിർമ്മിത ബുദ്ധിയുടെ പ്രയോഗങ്ങൾ

നിർമ്മിത ബുദ്ധി നിരവധി മേഖലകളിൽ പ്രയോഗിക്കപ്പെടുന്നു. ചില ഉദാഹരണങ്ങൾ:

മെഡിക്കൽ രംഗം: രോഗനിർണയത്തിനും ചികിത്സയ്ക്കും നിർമ്മിത ബുദ്ധി ഉപയോഗിക്കുന്നു.

ഉദാഹരണത്തിന്, എക്സ്-റേ ചിത്രങ്ങളിൽ നിന്നും ക്യാൻസറിനെ തിരിച്ചറിയാനും ചികിത്സ

നിർദ്ദേശിക്കാനും നിർമ്മിത ബുദ്ധി ഉപയോഗിക്കുന്നു.

സാമ്പത്തിക മേഖല: ക്രെഡിറ്റ് കാർഡ് തട്ടിപ്പ് കണ്ടെത്താനും ഓഹരി വിപണിയിൽ നിക്ഷേപ

തീരുമാനങ്ങൾ എടുക്കാനും നിർമ്മിത ബുദ്ധി ഉപയോഗിക്കുന്നു.

ഗതാഗത മേഖല: സ്വയം ഓടിക്കുന്ന കാറുകൾക്കും ട്രാഫിക് മാനേജ്മെന്റിനും നിർമ്മിത ബുദ്ധി

ഉപയോഗിക്കുന്നു.



ലേഖനം



# ഓർമ്മകൾ സൃഷ്ടിക്കുന്നതിൽ ഫാറ്റി ആസിഡുകൾ പ്രധാന പങ്കുവഹിക്കുന്നതായി കണ്ടെത്തൽ..

വാഷിംഗ്ടൺഡിസി യുഎസ് :ക്യൂൻസ് ലാൻഡ് സർവ്വകലാശാലയിലെ ഗവേഷകരാണ് ഈ പുതിയ കണ്ടെത്തൽ നടത്തിയത്. മസ്തിഷ്കത്തിലെ ഓർമ്മകളുടെ സംഭരണത്തിൽ പൂരിത ഫാറ്റി ആസിഡുകൾക്ക് പ്രധാന പങ്കുണ്ടെന്നാണ് കണ്ടെത്തൽ കൂടാതെ മെമ്മറി സൃഷ്ടിക്കുന്ന പ്രക്രിയക്ക് കാരണമാകുന്ന ജീനുകളും കണ്ടെത്താൻ സാധിച്ചു. ഫോസ്ഫോ ലിപേഴ്സ് എ1 എന്ന എൻസൈം STXBP1 സിനാപ്സിലെ പ്രോട്ടീനുമായി സംവദിച്ച് പൂരിത ഫാറ്റി ആസിഡുകൾ ഉണ്ടാകുന്നു. ശരീരത്തിലെ ഏറ്റവും കൊഴുപ്പുള്ള അവയവമാണ് മസ്തിഷ്കം മസ്തിഷ്കത്തിന്റെ ഭാരത്തിന്റെ 60 ശതമാനവും ലിപ്പിഡുകൾ എന്ന് വിളിക്കപ്പെടുന്ന ഫാറ്റി സംയുക്തങ്ങളാണ് ...ഫാറ്റി ആസിഡുകൾ ഫോസ്ഫോലിപ്പിഡുകൾ എന്ന് വിളിക്കപ്പെടുന്ന ലിപിഡുകളുടെ നിർമ്മാണ ബ്ലോക്കുകളാണ്. അൽഷിമേഴ്സ് പോലുള്ള ന്യൂറോ ഡി ജനറേറ്റീവ് രോഗങ്ങൾക്ക് ചികിൽസക്കായി ഈ പുതിയ കണ്ടെത്തൽ ഉപയോഗപ്പെടുത്താമെന്നതാണ് ഏറ്റവും വലിയ പ്രാധാന്യം.

ഹഫീല കെ

# ഫിലിം റിവ്യൂ

## നൻപകൽ നേരത്ത് മയക്കം





പ്രാർത്ഥന

**ലിജോ** ജോസ് പെല്ലിശ്ശേരി സംവിധാനം ചെയ്ത് മമ്മൂട്ടി നായകനായെത്തിയ 'നൻപകൽ നേരത്ത് മയക്കം' 2022ലെ ഏറ്റവും ശ്രദ്ധേയമായ മലയാള ചിത്രങ്ങളിൽ ഒന്നാണ്.

കഥാതന്തു

ജെയിംസ് എന്ന റിട്ടയേർഡ് പോലീസ് ഉദ്യോഗസ്ഥനാണ് ചിത്രത്തിലെ കേന്ദ്രകഥാപാത്രം. ഒരു ദിവസം ഉച്ചയ്ക്ക് ശേഷം ഉറങ്ങി എഴുന്നേൽക്കുന്ന ജെയിംസ് സ്വയം സുന്ദരം എന്ന വ്യക്തിയാണെന്ന് കരുതുന്നു. തുടർന്ന് സുന്ദരത്തിന്റെ ഭാര്യയും മക്കളും അടങ്ങുന്ന കുടുംബത്തിന്റെ ഭാഗമായി ജെയിംസ് ജീവിക്കാൻ തുടങ്ങുന്നു.

സവിശേഷതകൾ

ലിജോ ജോസ് പെല്ലിശ്ശേരിയുടെ സവിശേഷമായ ദൃശ്യഭാഷ ചിത്രത്തിൽ നിറഞ്ഞു നിൽക്കുന്നു.
മമ്മൂട്ടിയുടെ അഭിനയം ചിത്രത്തിന്റെ മുഖ്യ ആകർഷണങ്ങളിൽ ഒന്നാണ്.
യഥാർത്ഥ ജീവിതത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട തിരക്കഥ
സംഗീതവും ഛായാഗ്രഹണവും ചിത്രത്തിന്റെ മികച്ച ഘടകങ്ങളാണ്.


വിമർശനം

ചിത്രത്തിന്റെ സാവധാനത്തിലുള്ള ആഖ്യാനം ചില പ്രേക്ഷകർക്ക് വിരസതയുണ്ടാക്കിയേക്കാം.

മൊത്തത്തിൽ

'നൻപകൽ നേരത്ത് മയക്കം' ഒരു വ്യത്യസ്തവും ചിന്തോദ്ദീപകവുമായ ചിത്രമാണ്. മമ്മൂട്ടിയുടെ മികച്ച അഭിനയവും ലിജോ ജോസ് പെല്ലിശ്ശേരിയുടെ സംവിധാനവും ചിത്രത്തെ കാണാൻ തക്കതാക്കുന്നു.

റേറ്റിംഗ്: 4/5



# വരകൾ
# വർണങ്ങൾ





AHSAN.CH - 5B



Anamika Prajeesh _ 5A





Muhammed Rifan.PT - 6D



**fathima farha ck** 9c



# شجاعة سارة

في قديم الزمان، كانت هناك فتاة اسمها سارة تعيش في قرية صغيرة. كانت سارة فتاة شجاعة وقوية، وكانت تحب أن تساعد الآخرين. ذات يوم، كانت سارة تسير في الغابة عندما رأت رجلًا عجوزًا يجلس على الأرض ويبدو عليه التعب. سارت سارة إليه وسألته عما إذا كان بحاجة إلى المساعدة. أخبرها الرجل العجوز أنه كان يبحث عن طريق إلى المدينة، لكنه فقد طريقه. عرضت سارة أن تساعده فوافق الرجل العجوز. رافقت سارة الرجل العجوز إلى المدينة، وتحدثت معه طوال الطريق. أخبرها الرجل العجوز عن حياته، وكيف كان يقاتل في الحرب من أجل وطنه. قاتلت سارة اللصوص بشجاعة، وتمكنوا من هزيمتهم. كان الرجل العجوز ممتنًا جدًا لمساعدة سارة، وأخبرها أنه فخور بها لأنها فتاة شجاعة. عاشت سارة مع الرجل العجوز في المدينة، وأصبحت بطلة المدينة. كانت سارة دائمًا مستعدة للمساعدة، وكانت شجاعتها مصدر إلهام للجميع.



FATHIMA FARHA · CK
6·C

**Ayisha rrana 6c**





# فراشتي

يا فراشة الجمال، تطيرين بحرية
في سماء زرقاء صافية
أجنحتك الملونة ترسم لوحات فنية
في فضاء رحب بلا حدود.

تتنقلين بين الأزهار تجمعين الرحيق
بلمسة رقيقة حانية ودقيق
تبعثين الفرح والسرور في القلوب
برقصك الخفيف الذي يحرق العيون


أيتها الفراشة، رمز الحياة والجمال
أنتي تجسدين لنا معنى الحرية والانطلاق
في عالم ساحر، مليء بالألوان والإلهام.
فيا فراشة الجمال، لا تتوقفي عن الطيران


6.C AYISHA RINA.CP






shiza fathima-6d





fathima nihma-6d




SANA.V 7E

ഞങ്ങളുടെ

മാഗസിനുമായി

സഹകരിച്ച എല്ലാവർക്കും

ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു

